(ഇ) ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ;

(എഫ്) കരാർ കുടിശ്ശിക തീർക്കുന്നതിന് ഈ സാമ്പത്തികവർഷം എന്തു തുക വകയിരുത്തിയിട്ടുണ്ട്;

(ജി) കരാർ കുടിശ്ശികത്തുക എന്നേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31.3.1999-ൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ 183.88 കോടി രൂപയും പദ്ധതിയിതരയിനത്തിൽ 297.94 കോടി രൂപയും നാഷണൽ ഹൈവേ വിഭാഗത്തിൽ 536 ലക്ഷം രൂപയും കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തിൽ 5850 ലക്ഷം രൂപയും കുടിശ്ശികയായി കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ട്.

(ബി) 31.3.99-ലെ കണക്കനുസരിച്ച് റോഡുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ 1997 മുതലുള്ള തുകയും പദ്ധതിയിതരയിനത്തിൽ എറണാകുളം, കോഴിക്കോട് എന്നീ റോഡ് ഡിവിഷനുകളിൽ 12/96 മുതലുള്ള തുകയും ബാക്കിയുള്ള ഡിവിഷനുകളിൽ 1997 മുതലുള്ള തുകയും നാഷണൽ ഹൈവേ വിഭാഗത്തിൽ 1998 മുതലുള്ള തുകയും കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തിൽ 1995-96 മുതലുള്ള തുകയും കുടിശ്ശികയായിട്ടുണ്ട്.

(സി) കുടിശ്ശികത്തുക രണ്ട് വർഷത്തിനു മുകളിലുള്ള സമയം കൊണ്ട് ഘട്ടംഘട്ടമായി കൊടുക്കുവാൻ അനുവദിക്കണമെന്ന് ഹൈക്കോടതിയോട് അപേക്ഷിച്ചിട്ടുണ്ട്.

(ഡി) 1998-99 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക തീർക്കുന്നതിന് മാത്രമായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിതരയിനത്തിൽ 48.53 കോടി രൂപയും പദ്ധതിയിനത്തിൽ 1.25 കോടി രൂപയും അനുവദിച്ചു. 1999-2000 സാമ്പത്തികവർഷത്തിൽ ആദ്യക്വാർട്ടറിൽ കൊടുത്ത 48.08 കോടി രൂപയും (പദ്ധതിയിനത്തിൽ 17.19 കോടി രൂപയും പദ്ധതിയിതരയിനത്തിൽ 30.89 കോടി രൂപയും) കുടിശ്ശിക തീർക്കുന്നതിനുവേണ്ടിയാണ് വിനിയോഗിച്ചിരുന്നത്. മറ്റു വിഭാഗങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

(ഇ) ബാധകമല്ല

(എഫ്) പണികൾക്ക് ഉൾക്കൊള്ളിച്ച തുക മുഴുവനും കരാർ കുടിശ്ശിക തീർക്കുന്നതിനുവേണ്ടിയാണ്. കൂടാതെ കുടിശ്ശിക ഭാഗികമായി തീർക്കുന്നതിന് അധികത്തുക ഈ വർഷം ലഭ്യമാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

(ജി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൊടുത്തു തീർക്കുന്നതാണ്.

93 (237) .കരാറുകാർക്ക് കൊടുക്കുവാനുള്ള തുക

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. എം.കെ. മുനീർ :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. നാലകത്ത് സൂപ്പി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരാറുകാർക്ക് എന്തു തുക കുടിശ്ശികയായി കൊടുത്തുതീർക്കുവാൻ ഉണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വില്ലേജ് റോഡ് നിർമ്മാണയിനത്തിൽ എന്തു തുക കൊടുത്തു തീർക്കുവാനുണ്ട്;

(സി) പ്രസ്തുത കുടിശ്ശിക എന്നു മുതലുള്ളതാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുക എന്നത്തേയ്ക്ക് കൊടുത്തുതീർക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) നാഷണൽ ഹൈവേ വിഭാഗത്തിൽ 4,04,73,216 രൂപയും കെട്ടിടങ്ങളും തദ്ദേശ ജോലികളും വിഭാഗത്തിൽ 31.3.99 വരെ 5850 ലക്ഷം രൂപയും പാലങ്ങളും നിരത്തുകളും വിഭാഗത്തിൽ 31.3.99 വരെ പദ്ധതിയിനത്തിൽ 183.88 കോടി രൂപയും പദ്ധതിയിതരയിനത്തിൽ 297.94 കോടി രൂപയും കുടിശ്ശികയായി കരാറുകാർക്ക് കൊടുത്തുതീർക്കുവാനുണ്ട്.

(ബി) വില്ലേജ് റോഡ് നിർമ്മാണത്തിൽ 31.3.99-ൽ 66.08 കോടി രൂപ കുടിശ്ശികയായി കൊടുത്തുതീർക്കുവാനുണ്ട്.

(സി) ഈ ഇനത്തിലുള്ള കുടിശ്ശിക 1.4.97 മുതലുള്ളതാണ്.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൊടുത്തുതീർക്കുവാനാണ് ഉദ്ദേശിക്കുന്നത്.

94 (238) സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് അലോട്ട്മെന്റ്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് അലോട്ട്മെന്റിന് പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് വിശദീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് എത്ര സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്., ഹെഡ്ക്വാർട്ടേഴ്സിനു 15 കി.മീ. ചുറ്റളവിൽ ജോലി ചെയ്യുന്നവരും 15 കി.മീ. ചുറ്റളവിൽ സ്വന്തം പേരിലോ, ഭാര്യയുടേയോ, വിവാഹം കഴിയാത്ത മക്കളുടേയോ പേരിലോ വീടില്ലാത്തവരുമായ സ്റ്റേറ്റ് സർവ്വീസിലുള്ള ജീവനക്കാർക്കാണ് സർക്കാർ ക്വാർട്ടേഴ്സിന് അർഹതയുള്ളത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1404 ക്വാർട്ടേഴ്സുകൾ ജീവനക്കാർക്ക് അനുവദിച്ചിട്ടുണ്ട്.

95 (239) രജിസ്ട്രാർ ഓഫീസിന്റെ ജീർണ്ണിച്ച കെട്ടിടം

ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly